## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 49** **10/03/2015 —ൽ മറുപടിക്ക്**

## ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. രാധാകൃഷ്ണൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| എ.<br>ആദിവാസി മേഖലയിൽ കഴിഞ്ഞ നാലു വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; അവ പൂർണ്ണമായും നടപ്പിലാക്കാനുദ്ദേശമുണ്ടോ? | എ.<br>ഉണ്ട്. സംസ്ഥാനത്തിലെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തി നായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമിയും മറ്റ് അനുമതിയും ലഭിക്കുന്നതിൽ തടസ്സമുണ്ടായതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസംവന്നിട്ടുണ്ട്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയി ട്ടില്ലാത്തവയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു. |

| | |
|---|---|
| | 1. ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് ഒരു രാജധാനി പണിയുന്ന പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഭൂമി ലഭിക്കാത്ത സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ 30 സെന്റ് സ്ഥലം വിലയ്ക്കു വാങ്ങാൻ ശ്രമിച്ചെങ്കിലും ടി ഭൂമി വനാവകാശ നിയമം 2006ന്റെ പരിധിയിൽ വരുന്നതായതിനാൽ കൈമാറ്റംചെയ്യാൻ സാധിച്ചില്ല. കൊട്ടാരം പണിയുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>3. വിതുര കേന്ദ്രമായി ഒരു ആദിവാസി പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്ന പദ്ധതി:- തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ ആദിവാസി പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്നതിനായി ഭൂമി ലഭ്യമാകാത്ത തിനാൽ പദ്ധതി നടപ്പായിട്ടില്ല.<br><br>4. 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയായ പട്ടികവർഗ്ഗക്കാർക്കുള്ള കടാശ്വാസപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | |
|---|---|
| ബി.<br>ആദിവാസികൾക്ക് നിയമപരമായി ലഭ്യമാക്കേണ്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോ? | ബി.<br>ഉണ്ട്. ആദിവാസികൾക്ക് നിയമപരമായി ലഭ്യമാക്കേണ്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പട്ടികവർഗ്ഗക്കാരുടെ വീട്, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ നൈപുണ്യ വികസനം, ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം തുടങ്ങി അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ